# തിയോളജിയുടെ പുനർ വായനകൾ

ഐശ്വര്യ മാധവൻ
അധ്യാപിക
എൻ. എസ്. എസ്. കോളേജ്
പന്തളം
ph: 8086987685
Email: maiswarya30@gmail.com

ചരിത്രം, ദൈവശാസ്ത്രം, ബൈബിൾ, വ്യാഖ്യാനങ്ങൾ തുടങ്ങിയ നിരവധി വൈജ്ഞാനികശാഖകളുടെ പശ്ചാത്തലത്തിൽ ബെന്യാമിന്റെ പ്രവാചകന്മാരുടെ രണ്ടാം പുസ്തകം എന്ന നോവലിനെ പഠനവിധേയമാക്കുകയാണ് സുരേഷ് പനങ്ങാട് വിശ്വസാഹിത്യ ചരിത്രത്തിൽ ആഴത്തിൽ സ്വാധിനം ചെലുത്തുകയും ഒട്ടേറെ വിവാദങ്ങൾക്ക് കാരണമാകുകയും ചെയ്ത ബൈബിൾ എന്ന മതഗ്രന്ഥത്തെ ഉപജീവിച്ചുകൊണ്ടുള്ള ചുരുക്കം ചില കൃതികളാണ് മലയാളത്തിലുണ്ടായിട്ടുള്ളത്. 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' പോലെ വിവാദങ്ങൾക്ക് കാരണമായ കൃതികളും ഇതിൽപ്പെടുന്നുണ്ട്. ഇതിഹാസ പുരാണ, ചരിത്ര കൃതികളെ ഉപജീവിച്ചുണ്ടാകുന്ന ആഖ്യാനങ്ങൾ പലപ്പോഴും ബൃഹദാഖ്യാനങ്ങളുടെ വിടവുകൾ പൂരിപ്പിക്കുന്നവയോ മനനങ്ങൾക്ക് ഭാഷ്യം ചമയ്ക്കുന്നവയോ ആയിരിക്കും. ആഖ്യാതാവിന്റെ സ്വാതന്ത്ര്യമാണിവിടെ പ്രധാനം. ജനതയുടെ ബോധത്തിലും അബോധത്തിലും രൂഢമൂലമായിരിക്കുന്ന സംഭവങ്ങളും, മിഴിവുറ്റ കഥാപാത്രങ്ങളും അപനിർമ്മിക്കപ്പെടുകയെന്നത് പലപ്പോഴും അസ്വസ്ഥാജനകമായ ഒന്നാണ്. ബെന്യാമിന്റെ 'പ്രവാചകൻമാരുടെ രണ്ടാം പുസ്തകം' എന്ന നോവലിൽ ഇത്തരത്തിലൊരു അപനിർമ്മിതി നടക്കുന്നുണ്ട്. ഈ

നോവലിനെക്കുറിച്ചുള്ള പഠനമാണ് സുരേഷ് പനങ്ങാടിന്റെ 'ചരിത്രത്തിന്റെ പൊളിച്ചെഴുത്തുകൾ'.

ഒരു നോവൽ പഠനം എന്ന നിലയിൽ ഇതിവൃത്ത വിശകലനമോ ആസ്വാദനമോ മാത്രമായി ഈ കൃതിയെ പരിഗണിക്കാനാവില്ല. ചരിത്രവസ്തുതകളും ബൈബിളും പിൽക്കാലത്തു ലഭിച്ച ബൈബിൾ ചുരുളുകളെക്കുറിച്ചുള്ള പഠനങ്ങളും ക്രിസ്ത്യൻ സഭകളുടെ ദൈവശാസ്ത്ര വിശകലനങ്ങളും ബെന്യാമിന്റെ നോവൽ രചനയ്ക്ക് പിന്നിലുണ്ട്. 'കസാൻദ്സാകീസ്' തുടങ്ങി ക്രിസ്തു കഥാപാത്രമാകുന്ന നിരവധി നോവലുകളും ബെന്യാമിന്റെ നോവൽ രചനയ്ക്ക് പ്രേരണയായിട്ടുണ്ട്.

യേശു എന്ന വഴിയും ജീവനും സത്യവും, ദിദിമോസ് എന്ന തോമസ്, പത്രോസേ നീ പാറയാകുന്നു, ഒറ്റുകാരനല്ലാത്ത യൂദാസ്, മഗ്ദലനയിലെ മറിയ – കളിത്തോഴിയിൽ നിന്നു കലാപകാരിയിലേക്ക്, വിപ്ലവകാരിയുടെ (പ്രവാചകന്റെയും) അമ്മ, ചുങ്കക്കാരൻ മത്തായിയും യേശുവിന്റെ വചനങ്ങളും, അന്ത്യ പ്രലോഭനവും മറ്റ് കൃതികളും, യേശു: കാലവും ദേശവും, വെളിപാടുകൾ എന്നിങ്ങനെ പത്ത് അധ്യായങ്ങളായി വിഭജിക്കപ്പെട്ട ഈ പഠനഗ്രന്ഥം ഒരേ സമയം നോവലിലേക്കും ബൈബിൾ ചരിത്രത്തിലേക്കും കടന്നുചെല്ലുന്നുണ്ട്. 'ബൈബിൾ വെളിച്ചത്തിന്റെ കവചം', 'മധുരം നിന്റെ ജീവിതം' എന്നിങ്ങനെ കെ. പി. അപ്പൻ നടത്തിയ ബൈബിൾ പഠനങ്ങളുടെ പശ്ചാത്തലമല്ല ഈ പഠനത്തിനുള്ളത്. ക്രിസ്തുവിലെ ദ്വന്ദ്വസ്വഭാവം, രക്ഷൻ, മിശിഹ തുടങ്ങിയ സങ്കൽപ്പങ്ങൾ, തർക്കങ്ങൾ മനുഷ്യ പുത്രൻ എന്ന നിലയിൽ ക്രിസ്തുവിനെ വിലയിരുത്തുന്നത് കസാൻദ് സാക്കീസിന്റെ അന്ത്യപ്രലോഭനത്തിലെ ക്രിസ്തുഭാവം തുടങ്ങിയ നോവൽ രചനയ്ക്ക് ആധാരമായ പശ്ചാത്തലത്തിലേക്കും ഈ ഗ്രന്ഥകാരൻ സഞ്ചരിക്കുന്നു.

ഈ കൃതിയിലെ ശ്രദ്ധേയമായ ലേഖനങ്ങളാണ് ബൈബിളിലെ തോമസ്, പത്രോസ്, യൂദ, മഗ്ദലനയിലെ മറിയ എന്നിവരെക്കുറിച്ചുള്ളത്. ദിദിമോസ് എന്ന തോമസ് ചരിത്രത്തിലൂടെയുള്ള സഞ്ചാരമാണ്. ഇന്ത്യയിലേക്കെത്തിയ ക്രിസ്തു ശിഷ്യൻ എന്നതിനപ്പുറത്ത് കേരള നസ്രാണികളുടെ വിശ്വാസവുമായി ഏറെ ബന്ധപ്പെട്ടുകിടക്കുന്ന കഥാപാത്രമാണ് തോമസ്. കാണാതെ വിശ്വസിക്കാത്ത തോമസ് എന്ന പ്രയോഗത്തിനപ്പുറത്ത് തോമസിന്റെ ജീവിത പശ്ചാത്തലം തേടിപോവുകയാണ് നോവലിസ്റ്റ്. ഹേരോദ്യയുമായുള്ള തോമസിന്റെ ബന്ധമാണിവിടെ പ്രസക്തമാകുന്നത്. അധികാരവുമായി തോമസിനെ ബന്ധപ്പെടുത്തിയിട്ടുള്ള ഈ ചർച്ചകൾ ഏറെ വിശദമായി സുരേഷ് പനങ്ങാട് വിശദീകരിക്കുന്നു. വില്ലാൾവട്ടം സ്വരൂപം മുതൽ ബെന്യാമിന്റെ ശ്രദ്ധേയമായ മഞ്ഞവെയിൽ മരണങ്ങൾ എന്ന നോവൽ വരെ നീളുന്ന സാധ്യതകളും ഇവിടെ അന്വേഷിക്കുന്നുണ്ട്.

ക്രിസ്തുവിന്റെ പ്രിയ ശിഷ്യനെന്നറിയപ്പെടുന്ന സുവിശേഷങ്ങളിൽ പാറയോടുപമിക്കുന്ന പത്രോസ് ആണ് പള്ളി മതത്തിന്റെ പ്രിയപ്പെട്ടവനെന്നിരിക്കെ ഒരു പരിധിവരെ അവിശ്വാസിയായി ചിത്രീകരിക്കുന്ന തോമസും ഒറ്റുകാരൻ എന്ന പേരിൽ ചരിത്രത്തിൽ അധിക്ഷേപിക്കപ്പെട്ട യൂദാസും ബെന്യാമിന്റെ നോവലിൽ മിഴിവുറ്റ കഥാപാത്രങ്ങളാകുന്നു. നേരിൽ കാണാതെ വിശ്വസിക്കില്ല എന്നു പറഞ്ഞ തോമസിന്റെ പശ്ചാത്തലം അതി സങ്കീർണ്ണമാണെന്ന ബെന്യാമിന്റെ കണ്ടെത്തൽ സുരേഷ് പനങ്ങാട് പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നു ഇവിടെ. വ്യവസ്ഥാപിത മത കേന്ദ്രങ്ങൾക്ക് അനഭിമതനായ തോമസ് എന്ന ദിദിമോസിന്റെ ചരിത്രം അന്വേഷിച്ചു പോകുന്ന നോവലിസ്റ്റിനെ കൃത്യമായി നിരീക്ഷിച്ചിട്ടുണ്ട് ഗ്രന്ഥകാരൻ.

ഒരു മതമെന്ന നിലയിൽ ക്രിസ്തുമുള്ളിടത്തോളം കാലം പ്രതിസ്ഥാനത്താണ് യൂദാ. മുപ്പതു വെള്ളികാശിന് ഒറ്റികൊടുത്തു, കെട്ടി ഞാന്നു ചത്തു, ചുംബനം കൊണ്ട് ഗുരുവിനെ ചതിച്ചു എന്നീ ആരോപണങ്ങൾക്ക് ക്രൈസ്തവ മതത്തോളം പ്രസക്തിയുണ്ട്. എന്നാൽ ക്രിസ്തുവും യൂദായുമായുള്ള താർക്കിക സന്ദർഭങ്ങളും യൂദായിസ്ക്കറിയോത്താവിന്റെ സാമൂഹിക പശ്ചാത്തലവും പ്രവാചകന്മാരുടെ രണ്ടാം പുസ്തകത്തിൽ വായിക്കുമ്പോൾ പറഞ്ഞുകേട്ട കഥകളിൽ നിന്നും സുവിശേഷങ്ങളിൽ നിന്നും മത പ്രബോധനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു യൂദായെ ബെന്യാമിന്റെ നോവൽ അവതരിപ്പിക്കുന്നുണ്ട്. ബൈബിളും ബൈബിൾ ചരിത്രകാരന്മാരും ക്രൈസ്തവമതവും തിരസ്ക്കരിച്ച യൂദാ മിഴിവുറ്റ കഥാപാത്രമായി ഈ നോവലിൽ കടന്നുവരുന്നുണ്ട്. ഈ വിഷയം അതീവ പ്രാധാന്യത്തോടെ സുരേഷ് പനങ്ങാട് ചർച്ചചെയ്യുന്നുണ്ട്. താരതമ്യേന ദീർഘദൂരമായ ലേഖനങ്ങളാണ് തോമസിനെക്കുറിച്ചുള്ളതും, യൂദായെക്കുറിച്ചുള്ളതും. ക്രിസ്തുവിന്റെ പ്രിയ ശിഷ്യന്മാർ ചിതറിപോകുമ്പോഴും അചഞ്ചലനായി ഗുരുവിനൊപ്പം നിലയുറപ്പിക്കുകയും മരണം വരിക്കുകയും ചെയ്ത ശിഷ്യൻ എന്ന നിലയിലാണ് ബെന്യാമിൻ യൂദായെ അവതരിപ്പിക്കുന്നത്. ഭീരുവും, ക്ഷിപ്രകോപിയും തീരുമാനമെടുക്കുവാൻ കഴിയാത്തവനും, മൂന്നുവട്ടം തള്ളിപ്പറഞ്ഞവനുമായ പത്രോസിനെക്കാൾ മികച്ച വ്യക്തിത്വമായി യൂദാ മാറുന്നുണ്ടിവിടെ. യൂദായുടെ താർക്കിക യുക്തിയും പ്രായോഗികതയും കൃത്യമായി ഇവിടെ പ്രകടമാകുന്നു.

മറ്റൊന്ന് സ്നാപക യോഹന്നാൻ എന്ന ക്രിസ്തുവിന്റെ മുൻഗാമിയെക്കുറിച്ച് നോവലിലുള്ള സൂചനയാണ്. ബൈബിൾ വഴിയിലല്ല ഇക്കാര്യം നോവലിൽ ചർച്ചചെയ്യുന്നത്. യഹൂദ ഗോത്രങ്ങൾ തമ്മിലുള്ള പകയും, സമരോത്സുകതയും വിവേചനങ്ങളും മുൻനിർത്തിക്കൊണ്ട് യോഹന്നാൻ, ക്രിസ്തു എന്നീ

വിപ്ലവകാരികളെയാണ് നോവൽ അവതരിപ്പിക്കുന്നത്. യോഹന്നാന്റെ വിപ്ലവവീര്യം ക്രിസ്തുവിന്റെ പരാജയം എന്നീ വിഷയങ്ങളാണിവിടെ പ്രധാനം. സെമിറ്റിക് ജീവിതത്തിന്റെ ഗോത്രപരമായ സവിശേഷതകൾ, യുദ്ധം, സാമ്രാജ്യ സ്ഥാപനം, സ്വാതന്ത്ര്യമോഹം എന്നീ വിഷയങ്ങൾ ഈ നോവലിന്റെ പശ്ചാത്തലമായി മാറുന്നുണ്ട്.

ബെന്യാമിന്റെ നോവലിന്റെ സ്വാധീനതാപഠനം കൂടി ഈ പഠന ഗ്രന്ഥത്തിന്റെ ഭാഗമാകുന്നു. കസാൻദ്സക്കീസിന്റെ അന്ത്യപ്രലോഭനം എന്ന വിഖ്യാതകൃതിയായിരിക്കും പലപ്പോഴും പലതും ഉദാഹരിക്കാൻ സാധ്യതയുള്ളതെന്നിരിക്കെ ആ സാധ്യതയെ ഗ്രന്ഥകാരൻ തള്ളിക്കളയുന്നുണ്ട്. 'അന്ത്യ പ്രലോഭനവും മറ്റു കൃതികളും' എന്ന അദ്ധ്യായത്തിൽ സുരേഷ് പനങ്ങാട് ഇത് കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. കസാൻദ്സക്കീസിന്റെ അന്ത്യപ്രലോഭനങ്ങളിലെ കഥാപാത്രങ്ങൾ ഏതാണ്ട് ബൈബിൾ പശ്ചാത്തലത്തോടടുത്തു നിൽക്കുമ്പോൾ പരിചയമില്ലാത്ത യേശുവിനെയും ശിഷ്യന്മാരെയുമാണ് ഈ നോവലിൽ ബെന്യാമിൻ അവതരിപ്പിക്കുന്നതെന്നാണിവിടുത്തെ നിരീക്ഷണം. 'തിയോളജിക്കലായ ഒരു പരിവേഷണമാണ് ബെന്യാമിന്റെ നോവൽ' എന്നാണിവിടെ സുരേഷ് പനങ്ങാട് എഴുതുന്നത്. യേശുവിന്റെയും ശിഷ്യന്മാരുടെയും കാര്യത്തിൽ ഒരു തരം അപനിർമ്മിക്കലാണിവിടെ നടന്നിട്ടുള്ളത്. യൂദാസിന്റെ പൂർവ്വ മാതൃകകളിൽ നിന്ന് വ്യത്യസ്തമാണ് ബെന്യാമിന്റെ യൂദാസ്. സുവിശേഷങ്ങളിലും 'അന്ത്യപ്രലോഭനം' എന്ന കൃതിയിലും കണ്ട യൂദയല്ല ബെന്യാമിന്റെ യൂദാസ്. മഗ്ദലന മറിയയുടെ കാര്യത്തിലും കസാൻദ്സക്കീസിന്റെ വഴിയിലല്ല ബെന്യാമിൻ എന്ന് ഗ്രന്ഥകാരൻ സ്ഥാപിക്കുന്നുണ്ട്. അക്കാലത്തെ സാമൂഹിക വ്യവസ്ഥകളുമായി ബന്ധപ്പെടുത്തിയാണ് മഗ്ലനയിലെ മറിയയെയും ക്രിസ്തുവിനെയും ബെന്യാമിൻ അവതരിപ്പിക്കുന്നതെന്നും കൂട്ടിച്ചേർക്കുന്നു.

തത്വത്തിൽ ഈ കൃതിയുടെ രചനയിൽ കസാൻദ്സക്കീസിന്റെ അന്ത്യപ്രലോഭനം പ്രേരണയാകുന്നില്ല മറിച്ച് ഒരു തിയോളജിക്കൽ പര്യവേഷണമാണ് ബെന്യാമിന്റെ നോവൽ എന്ന നിഗമനത്തിലെത്തുകയാണ് ഗ്രന്ഥകാരൻ. ക്രിസ്ത്യൻ ബുദ്ധമത സ്വാധീനമുണ്ടായിരുന്നോ എന്ന വിഷയവും ഈ പുസ്തകത്തിൽ ചർച്ചയാകുന്നുണ്ട്. 'യേശുവും ബുദ്ധമതവും തമ്മിലുള്ള ബന്ധമോ ബന്ധമില്ലായ്മയോ' എന്ന ചോദ്യം ഇവിടെ ഉന്നയിക്കുകയും അതിനുത്തരം തേടുകയും ചെയ്യുന്നുണ്ട്. പന്ത്രണ്ട് വയസ്സിനു ശേഷമുള്ള ക്രിസ്തുവിന്റെ തിരോധാനത്തെ മുൻനിർത്തിയാണിവിടുത്തെ ചർച്ച.

ഗവേഷണമോ, പര്യവേഷണമോ, അപനിർമ്മാണമോ ഒക്കെ ബെന്യാമിന്റെ നോവലിനു പിന്നിലുണ്ട്. ഇതേ ശൈലിയിലുള്ള കൃതികൾ, ചരിത്രത്തിലൂടെയുള്ള സഞ്ചാരം, വിശ്വാസം യുക്തി എന്നിവ തമ്മിലുള്ള സംഘർഷം, ബൈബിൾ വ്യാഖ്യാനങ്ങൾ, വേദശാസ്ത്ര പഠനങ്ങൾ, ദൈവശാസ്ത്രസംബന്ധിയായ തർക്കങ്ങൾ, അതിനപ്പുറം ദൈവം മനുഷ്യൻ, ജനതയുടെ വിശ്വാസങ്ങളിലൂടെ തലമുറകളിലേക്ക് സംക്രമിക്കുന്ന അത്ഭുതപ്രവൃത്തികൾ, ദൈവിക പരിവേഷണത്തിലേക്കെത്തുന്ന സാധാരണ മനുഷ്യൻ, ഗോത്ര സംബന്ധിയായ കലഹങ്ങൾ ഇങ്ങനെ ഒടുങ്ങാത്ത ചരിത്ര സമസ്യകൾ. ഇത്തരം വിഷയങ്ങൾ പ്രമേയമാകുന്ന ഒരു നോവൽ, ഇത്തരമൊരു നോവലിനെ പഠനവിധേയമാക്കുക എന്ന സാഹസമാണ് സുരേഷ് പനങ്ങാട് ഏറ്റെടുത്തിട്ടുള്ളത്. കേവലമൊരു ആസ്വാദനമെന്നതിനപ്പുറം നോവലിസ്റ്റ് സഞ്ചരിച്ച വഴികളിലൂടെയുള്ള സഞ്ചാരവും ഇവിടെയുണ്ട്.